**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4225** **18-03-2025 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | പ്രകൃതി ദുരന്തങ്ങൾ, നോട്ട് നിരോധനം, കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവ്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാദ്ധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് പണ ഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ട്.<br><br>കേന്ദ്ര സർക്കാർ പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തുന്ന സമീപനം സ്വീകരിച്ചത് സ്ഥിതി കൂടുതൽ വഷളാക്കി.<br><br>സംസ്ഥാനത്തിന്റെ വരുമാനത്തിലെ ഭീമമായ കുറവ് തനത് വരുമാന വർദ്ധനവിലൂടെ നികത്തുവാൻ സാദ്ധ്യമല്ല. അതേ സമയം, ചെലവുകളിന്മേൽ കേന്ദ്രധനകൈമാറ്റത്തിലെ കുറവിന് ആനുപാതികമായി വെട്ടിച്ചുരുക്കൽ വരുത്തുക പ്രായോഗികമല്ല. ഇതാണ് നിലവിലെ സാമ്പത്തിക ഞെരുക്കത്തിന്റെ അടിസ്ഥാന കാരണം. |
| (ബി) | വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ മുടങ്ങിയതു കാരണം പാവപ്പെട്ട ജനവിഭാഗങ്ങൾ ബുദ്ധിമുട്ടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | നിലവിലെ സാമ്പത്തിക ബുദ്ധിമുട്ടിനിടയിലും വിവിധ മേഖലകളിലായി വിതരണം ചെയ്യേണ്ട ആനുകൂല്യങ്ങൾ ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ച് പരമാവധി വിതരണം ചെയ്യുന്നതിന് സർക്കാർ ശ്രമിച്ചു പോരുന്നുണ്ട്. കേന്ദ്ര സർക്കാർ നടപടികളുടെ ഫലമായി ചില മേഖലകളിൽ ഉണ്ടായിട്ടുള്ള കുടിശ്ശികകൾ സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തി അതിലൂടെ പൂർണ്ണമായും |

| | | | |
|---|---|---|---|
| | | | വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ ഇതിനകം കൈക്കൊണ്ടിട്ടുണ്ട്. |
| (സി) | കരാറുകാർക്ക് കുടിശ്ശിക നൽകാത്തതിനാൽ മരാമത്തു പണികൾ സ്തംഭിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം പരിഗണിച്ച് എത്രയും വേഗം തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | ഇല്ല. കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും കൃത്യമായ സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി വരുന്നുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ